## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5820 — 28.03.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പബ്ലിക്ക് ഹെൽത്ത് കേഡർ രൂപീകരണം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിന്റെ ആരോഗ്യ മേഖല നേരിടുന്ന പുതിയ വെല്ലുവിളികൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ആഗോളതലത്തിൽ പരിസ്ഥിതിയിലും കാലാവസ്ഥയിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾ, ജനസംഖ്യാവർദ്ധനവ്, നഗരവത്കരണവും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും, വർദ്ധിച്ച ഗതാഗത സൗകര്യങ്ങൾ എന്നിവ മൂലമുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ, കുടിവെള്ളദൗർലഭ്യം, മരുന്നുകൾക്കെതിരെ രോഗാണുക്കളും, കീടനാശിനികൾക്കെതിരെ രോഗം പരത്തുന്ന ജീവികളും പ്രതിരോധശേഷി ആർജിക്കുന്നത്, ഇതരസംസ്ഥാന തൊഴിലാളികളിലൂടെയുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, ജീവിതശൈലിയിലെ അനാരോഗ്യകരമായ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ജീവിതശൈലീരോഗങ്ങളും, ജനിതകമാറ്റത്തിലൂടെ കൂടുതൽ ശക്തിയാർജ്ജിച്ച രോഗാണുക്കൾ രൂപം കൊള്ളുന്നത് തുടങ്ങിയവ ആരോഗ്യരംഗത്തെ വെല്ലുവിളികളാണ്. |
| (ബി) | ഉന്മൂലനം ചെയ്തു എന്നുകരുതിയ പല പകർച്ചവ്യാധികളും വീണ്ടും കടന്നു വരുന്നതും പുതിയ രോഗങ്ങൾ പടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉന്മൂലനം ചെയ്യപ്പെട്ട രോഗമായ 'വസൂരി' (small pox) വീണ്ടും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മലമ്പനി ഉന്മൂലനം ചെയ്യപ്പെട്ട രോഗമല്ല. അറുപതുകളിൽ കേരളത്തിൽ നിന്ന് മലമ്പനി നിവാരണം ചെയ്തുവെങ്കിലും തുടർവർഷങ്ങളിൽ ഇതരസംസ്ഥാനങ്ങളിൽ നിന്നും വീണ്ടും ഇറക്കുമതി ചെയ്യപ്പെട്ടുവെന്നതാണ് വസ്തുത. പോളിയോ നിർമ്മാർജ്ജനം ഉടനെ പ്രാവർത്തികമാക്കാൻ കഴിയുന്നതാണ്. മറ്റ് പ്രധാന പകർച്ചാവ്യാധികളൊന്നും ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ല. ഇത് കുറഞ്ഞും കൂടിയും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രാഥമിക തലത്തിൽ കുത്തിവെയ്പ്പിനോടുള്ള വെറുപ്പും ശുചിത്വം പാലിക്കുന്നതിലുള്ള അലംഭാവവും ജീവിതശൈലി രോഗങ്ങളുടെ പെരുപ്പവും ആരോഗ്യമേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നുണ്ടോ; | (സി) | കുത്തിവയ്പിനോടുള്ള വെറുപ്പ് കേരളത്തിൽ കാര്യമായില്ല. ഓരോ വ്യക്തിക്കും പൂർണ്ണമായ ഡോസ് വാക്സിനേഷൻ എടുക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. വ്യക്തിശുചിത്വത്തോടൊപ്പം പരിസരശുചിത്വവും പാലിക്കുവാനുള്ള ബോധവത്കരണം നൽകിവരുന്നതിനാൽ ജനങ്ങളിൽ ആ രീതിയിൽ മാറ്റം ഉണ്ടാകുന്നുണ്ട്. ജീവിതശൈലിയിലെ അനാരോഗ്യകരമായ പ്രവണതകൾ ഒരു വെല്ലുവിളിയാണെങ്കിലും ശരിയായ ജീവിതശൈലി ജനങ്ങൾക്ക് ഉണ്ടാകാൻ ജനങ്ങൾക്ക് അവബോധം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സർക്കാർ സംവിധാനങ്ങളുടെ പരിമിതി സ്വകാര്യ മേഖലയുടെ വളർച്ചയ്ക്ക് കാരണമാവുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | (ഡി) | ആർദ്രം മിഷൻ വഴി മെച്ചപ്പെട്ട ചികിത്സയും മികച്ച സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഇ) | എങ്കിൽ ഈ സാഹചര്യങ്ങളെ നേരിടുന്നതിന് പബ്ലിക്ക് ഹെൽത്ത് കേഡർ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (ഇ) | രോഗ പ്രതിരോധ സംവിധാനത്തിൽ ഊന്നി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും വ്യാപിക്കുന്നത് തടയുന്നതിനും, പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പബ്ലിക് ഹെൽത്ത് കേഡറിന്റെ രൂപീകരണം വളരെയധികം സഹായിക്കും. കേരളത്തിലെ പൊതുജനാരോഗ്യം ശാക്തീകരിക്കുന്നതിനുവേണ്ടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതാണ് പൊതുജനാരോഗ്യ കേഡർ. ഇതിന്റെ രൂപീകരണം സംബന്ധിച്ച നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ